**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5996 04.07.2019 -ൽ മറുപടിയ്ക്ക്**

**ഹൈടെക് സ്കൂൾ പദ്ധതി**

**ഉത്തരം**

ചോദ്യം

**ശ്രീ.കെ.സി.ജോസഫ്**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതിക്ക് ലഭ്യമാക്കിയ ഉപകരണങ്ങളുടെയും സൗകര്യങ്ങളുടെയും ഉപയോഗം സംബന്ധിച്ച് എന്തെങ്കിലും ഓഡിറ്റ് നടത്തിയിട്ടുണ്ടോ; | എ) | ഉണ്ട്; 2018 ഒക്ടോബർ, നവംബർ മാസങ്ങളിൽ പ്രത്യേക ചോദ്യാവലി തയ്യാറാക്കി ഹൈടെക് സ്കൂൾ പദ്ധതിയുടെ ഒന്നാംഘട്ട അവസ്ഥാപഠനം കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടത്തിയിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത ഓഡിറ്റിലെ കണ്ടെത്തലുകൾ വിശദമാക്കുമോ? | ബി) | ഹൈടെക് ക്ലാസ് മുറികളിലെ ഒന്നാംഘട്ട അവസ്ഥാ പഠനത്തിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സ്കൂളുകളിൽ നിലവിൽ 73333 അദ്ധ്യാപകർ (92%) ക്ലാസ് മുറികളിൽ പ്രൊജക്ടറുകളും ലാപ്ടോപ്പും ഉപയോഗിച്ച് പഠിപ്പിക്കുന്നു. 13489 അദ്ധ്യാപകർ 'സമഗ്ര' പോർട്ടലിലെ വിഭവങ്ങൾക്കുപുറമെ സ്വന്തമായി ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നു. 69611 അദ്ധ്യാപകർ സമഗ്ര പരിശീലനം നേടി പോർട്ടലിൽ അംഗത്വം എടുത്തിട്ടുണ്ട്.<br><br>1.79 ലക്ഷം കുട്ടികളിൽ നിന്നാണ് നേരിട്ട് ഹൈടെക് ക്ലാസുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് വിവരശേഖരണം നടത്തിയത്. ഇതിൽ 92% കുട്ടികളും (1.61 ലക്ഷം) ക്ലാസ് മുറിയിൽ പ്രൊജക്ടർ, ലാപ്ടോപ്പ് എന്നിവ നന്നായി പ്രവർത്തിക്കുന്നു എന്ന് രേഖപ്പെടുത്തി. ക്ലാസ് മുറികളിൽ പ്രൊജക്ടറുകൾ ഉപയോഗിച്ച് ഡിജിറ്റൽ ഉള്ളടക്കം പ്രദർശിപ്പിക്കുമ്പോൾ എല്ലാവർക്കും നന്നായി കാണാൻ കഴിയുന്നുവെന്ന് 1.68 ലക്ഷം കുട്ടികളും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിജയപ്രദമാണെന്ന് കരുതുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ 'കൈറ്റ്' നടത്തിയ പഠനത്തിന് ഉപരി ഹൈടെക് പ്രവർത്തനങ്ങളുടെ അനന്തരഫലത്തെക്കുറിച്ച് പഠനം നടത്തുന്നതിന് വേൾഡ് ബാങ്കും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ